JAGRATHA 108

Vol-3, N0:33
28-09- 2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാനവാർത്തകൾ

01. സ്ത്രീകൾ സഭയുടേയും സമൂഹത്തിന്റെയും ശബ്ദമായി മാറണം: കെസിബിസി വനിതാകമ്മീഷൻ
02. മൂല്യാധിഷ്ഠിത സമൂഹനിർമിതിയിൽ സ്ത്രീകൾക്ക് നിർണായക പങ്ക്: മാർ തോമസ് ചക്യത്ത്
03. ധാർമിക നൈർമല്യമുള്ള യുവജനങ്ങൾ കാലഘട്ടത്തിന്റെ ആവശ്യം: മാർ ജോസഫ് പെരുന്തോട്ടം
04. കത്തോലിക്കാസഭ എന്നും വെല്ലുവിളികളെ അതിജീവിച്ചിട്ടുണ്ട്: മാർ ജോസഫ് പവ്വത്തിൽ

## 01. സ്ത്രീകൾ സഭയുടേയും സമൂഹത്തിന്റെയും ശബ്ദമായി മാറണം: കെസിബിസി വനിതാകമ്മീഷൻ

സ്ത്രീകൾ സഭയുടെയും സമൂഹത്തിന്റെയും ശബ്ദമായി മാറണമെന്നും ഒരു പുതിയ മാറ്റത്തെ നേരിടുവാൻ സ്ത്രീകൾ തയ്യാറാകണമെന്നും സമാപന സമ്മേളനത്തിൽ കെ.സി.ബി.സി വിമൻസ് കമ്മീഷൻ ചെയർമാൻ ബിഷപി മാർ മാത്യൂ ആനികുഴിക്കാട്ടിൽ സ്ത്രീകളോട് ആഹ്വാനം ചെയ്തു. ജെൻഡർപോളിസി സഭയുടെ എല്ലാതലങ്ങളിലും എത്തിച്ചുകൊടുക്കുന്നതിന് സഭ പ്രതിജ്ഞാബദ്ധരാകണം സമാപന സമ്മേളനത്തിൽ ബിഷപ് പറഞ്ഞു. സഭ അംഗീകരിച്ച ജെൻഡർപോളിസി സഭാതലങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖയെപറ്റിയും അതിലുണ്ടാവുന്ന തടസ്സങ്ങളെ പറ്റിയും ഡോ. നീനാജോസഫ്, ശ്രീമതി ബീനാ സെബാസ്റ്റ്യൻ (എക്സിക്യൂട്ടീവ് സെക്രട്ടറി വിമൻസ് കമ്മീഷൻ), സിസ്റ്റർ ലില്ലി ഫ്രാൻസീസ് (എക്സിക്യൂട്ടീവ് സെക്രട്ടറി, സിബിസിഐ വിമൻസ് കമ്മീഷൻ) എന്നിവരുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ നടന്നു. അന്നു യഹൂദസംസ്ക്കാരത്തിൽ നിലനിന്നിരുന്ന സ്ത്രീകൾക്കെതിരെയുള്ള വിവേചനം, അടിച്ചമർത്തൽ, ദുരാചാരം, എന്നിവയ്ക്കെതിരെ ക്രിസ്തു വിപ്ലവകരമായി പ്രതികരിച്ചിരുന്നു. സഭയുടെ സാമൂഹിക പഠനങ്ങൾ (ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ ) എന്നും സ്ത്രീകളുടെ അന്തസ്സ് ഉയത്തിപിടിച്ചിരുന്നു. അങ്ങനെ നോക്കുമ്പോൾ ക്രൈസ്തവ സഭയിൽ എക്കാലത്തും സ്ത്രീപക്ഷ ചിന്താഗതികൾ നിലനിന്നിരുന്നു. ആ പേര് പരാമർശിക്കപ്പെട്ടില്ലെങ്കിൽപോലും ക്രൈസ്തവ ഫെമിനിസം എന്നുള്ളത് സഭയിലെ ഒരു യാഥാർത്ഥ്യമായിരുന്നു എന്നു സമ്മേളനത്തിൽ പ്രതിപാദിക്കുകയുണ്ടായി. ശ്രീമതി ലീലാമ്മ ജേക്കബ്, പ്രൊഫ. സി.സി ആലീസ്ക്കുട്ടി, ശ്രീമതി റോസക്കുട്ടി എബ്രാഹം, ശ്രീമതി ലീലാമ്മ തോമസ് എന്നിവർ സംസാരിച്ചു. കെസിബിസി വിമൻസ് കമ്മീഷന്റെ അടുത്ത മൂന്നുവർഷത്തേക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുത്തു. മൂന്നു ദിവസത്തെ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞു വന്ന പ്രമേയം പാസ്സാക്കുകയുണ്ടായി.

## കെ.സി.ബി.സി വനിതാകമ്മീഷൻ കേരളസർക്കാരിന് നൽകിയ പ്രമേയങ്ങൾ

1. കേരളനിയമപരിഷ്ക്കരണ ശുപാർശകമ്മീഷന്റെ ശുപാർശകളായ ദയാവധം നിയമ വിധേയമാക്കുക, ആത്മ ഹത്യയെ കുറ്റവിമുക്തമാക്കുക, രണ്ടുകുട്ടികളെ ആകാവൂ, സഭാസ്വത്തുക്കൾ പ്രത്യേകം ട്രസ്റ്റികളുടെകീഴി ലാക്കുക തുടങ്ങിയവയെ കെ.സി.ബി.സി വനിതാകമ്മീഷൻ ശക്തമായി എതിർക്കുകയും പ്രതിഷേധം രേഖ പ്പെടുത്തുകയും ചെയ്യുന്നു.
2. ഡൽഹി ഹൈക്കോടതി കൊണ്ടുവരുന്ന സ്വവർഗരതി നിയമവിധേയമാക്കുന്നതിനെ കെ.സി.ബി.സി വനി താകമ്മീഷൻ അപലപിക്കുകയും അത് നടപ്പാക്കാതിരിക്കുവാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഈ യോഗം ശക്തമായി ആവശ്യപ്പെടുന്നു.
3. കേരളസംസ്ഥാന വനിതാകമ്മീഷനിൽ ക്രിസ്തീയ വനിതകളുടെ പ്രാതിനിധ്യം ഉറപ്പാക്കുവാൻ ഈ സമ്മേ ളനം കേരളസർക്കാരിനോട് ആവശ്യപ്പെടുന്നു.
4. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും പീഡനങ്ങളും നേരിടാൻ കർശനമായ നിയമങ്ങൾ ഉണ്ടാക്കണമെ ന്നും നിലവിലുള്ള പോരായ്മകൾ പരിഹരിച്ച് കർശന ശിക്ഷാനടപടികൾ നടപ്പാക്കണമെന്നും ഈ യോഗം ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെടുന്നു.
5 ഗാർഹിക പീഡന നിരോധന നിയമത്തിൽ പറഞ്ഞിരിക്കുന്ന പ്രത്യേകം Protection officer മാരെ നിയമി ക്കുകയും Domestioc Violence Act നടപ്പാക്കുന്നതിന് പ്രത്യേക അതിവേഗത കോടതി രൂപീകരിക്കുകയും ചെയ്യണമെന്നും കൂടാതെ ഇതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങളും അതിലേക്ക് പ്രത്യേക ബഡ്ജറ്റും നീക്കി വയ്ക്കണമെന്നും ഈ യോഗം സർക്കാരിനോട് ആവശ്യപ്പെടുന്നു.
6. സിസ്റ്റർ അഭയാ കേസിൽ കുറ്റാരോപിതയാക്കി പ്രതികൂട്ടിൽ നിർത്തിയിരിക്കുന്ന സിസ്റർ സെഫിയുടെ കന്യകാത്വ പരിശോധനയെപ്പറ്റിയുള്ള പരാമർശം മനുഷ്യാവകാശത്തിൻമേലുള്ള കടന്നുകയറ്റമാണെന്ന് കെസി ബിസി വനിതാകമ്മീഷൻ പ്രമേയത്തിലൂടെ അഭിപ്രായപ്പെട്ടു.
7. ത്രിതല പഞ്ചായത്ത് സംവിധാനങ്ങളിൽ സ്ത്രീകൾക്ക് സീറ്റ് സംവരണം ഏർപ്പെടുത്താൻ പോകുന്ന കേന്ദ്ര സർക്കാർ നടപടി ഞങ്ങൾ സർവാത്മനാ സ്വാഗതം ചെയ്യുന്നു. പക്ഷേ, ഈ സംവരണം താഴെ തട്ടിൽ മാത്രം ഒതുക്കാതെ പാർലമെന്റ് അസംബ്ലി സീറ്റുകളിൽ 50% സ്ത്രീകൾക്കും നൽകണമെന്ന് കെസിബിസി വനിതാ കമ്മീഷൻ സംസ്ഥാന സമ്മേളനം കേന്ദ്രസർക്കാരിനോടും കേരളസർക്കാരിനോടും ആവശ്യപ്പെടുന്നു.

## 02. മൂല്യാധിഷ്ഠിത സമൂഹനിർമിതിയിൽ സ്ത്രീകൾക്ക് നിർണായക പങ്ക്: മാർ തോമസ് ചക്യത്ത്

സ്നേഹത്തിൽ അധിഷ്ഠിതമായ ജീവിതക്രമം പുലർത്തിക്കൊണ്ട് സമൂഹത്തിൽ മൂല്യങ്ങൾ വളർത്താൻ സ്ത്രീകൾക്ക് നിർണായകമായ പങ്കു വഹിക്കാനാവുമെന്ന് എറണാകുളം -അങ്കമാലി അതിരൂപത സഹായമെത്രാൻ മാർ. തോമസ് ചക്യത്ത് അഭിപ്രായപ്പെട്ടു. എറണാകുളം -അങ്കമാലി അതിരൂപതയുടെ മൈക്രോ ഫിനാൻസ് സംരംഭമായ വെസ്കോ ക്രെഡിറ്റ് കേരള പിന്നോക്ക വികസ കോർപറേഷന്റെ സഹകരണത്തോടെ പൊന്നുരുന്നിയിൽ സംഘടിപ്പിച്ച വായ്പാ മേള ഉദ്ഘാടനം ചെയ്യുകയായിരുന്നു മാർ ചക്യത്ത്. ആരോഗ്യം, സമ്പത്ത്, കഴിവുകൾ തുടങ്ങി പ്രപഞ്ചത്തിലെ എല്ലാ വിഭവങ്ങളും എല്ലാവർക്കുമായി പങ്കുവെയ്ക്കപ്പെടുമ്പോഴാണ് സമത്വസുന്ദരമായ സമൂഹം രൂപപ്പെടുന്നത്. പുരുഷന്മാരേക്കാൾ സത്യസന്ധത സ്ത്രീകൾ പുലർത്തുന്നതിനാൽ പൊതുരംഗത്തെ അഴിമതി കുറയ്ക്കുന്നതിന് സ്ത്രീകളുടെ പങ്കാളിത്തം സഹായകരമാവുമെന്നും അദ്ദേഹം പറഞ്ഞു. ഈ വർഷം ഇരുപതിനായിരത്തോളം പേർക്ക് സബ്സിഡി നൽകി അതിരൂപത മെഡിക്ലെയിം ഇൻഷുറൻസ് പദ്ധതിയിൽ ചേർത്തതായും മാർ തോമസ് ചക്യേത്ത് അറിയിച്ചു. വെൽഫയർ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. പോൾ മൂഞ്ഞേലി, അധ്യക്ഷനായിരുന്നു. കേരള പിന്നോക്ക വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടർ കെ.ഐ ചാക്കോ വായ്പാ വിതരണം ഉദ്ഘാടനം ചെയ്തു. 104 സംഘങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതിക്കായി കുറഞ്ഞ പലിശ നിരക്കിൽ ഒരു

കോടി ഇരുപതു ലക്ഷം രൂപ വായ്പയായി വിതരണം ചെയ്തു. കെ.എസ്.ബി.സി.ഡി.സി എറണാകുളം ജില്ലാ

മാനേജർ പ്രിതി ജോസഫ്, വെസ്കോ ക്രഡിറ്റ് ജനറൽ മാനേജർ ജോസ് സെബാസ്റ്റ്യൻ, ഷൈജി സുരേഷ് എന്നിവർ പ്രസംഗിച്ചു.

## 03. ധാർമിക നൈർമല്യമുള്ള യുവജനങ്ങൾ കാലഘട്ടത്തിന്റെ ആവശ്യം: മാർ ജോസഫ് പെരുന്തോട്ടം

ധാർമിക നൈർമല്യവും ആത്മീയശുദ്ധിയുമുള്ള യുവജനങ്ങളെയാണ് സഭയും സമൂഹവും ആഗ്രഹിക്കുന്നതെന്ന് ചങ്ങനാശേരി ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. ഇത്തരം യുവജനങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണ്. ധാർമിക, വിശ്വാസ ജീവിതത്തിൽ കറതീർന്നവരായി മാറിയാൽ ഏറെക്കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. തിരുവനന്തപുരം ലൂർദ് ഫൊറോനാ കേന്ദ്രത്തിൽ ചങ്ങനാശേരി അതിരൂപത യുവദീപ്തി- കെസിവൈഎം തെക്കൻ മേഖലാ യുവജന കൺവൻഷൻ തെശ്ബാഹത്ത -2009 ഉദ്ഘാടനം ചെയ്യുകയായിരുന്നു ആർച്ച് ബിഷപ്. ക്രൈസ്തവ യുവജനങ്ങൾക്ക് സഭയാണ് ശക്തിയുടെ സ്രോതസ്. ഇത് ഭൗതികശക്തിയല്ല. ഇത് ആധ്യാത്മികവും ധാർമികവുമായ ദൈവികശക്തിയുടെ സ്രോതസാണ്. ഭൗതിക ശക്തിയെ ആശ്രയിച്ചിരുന്നെങ്കിൽ സഭ പണ്ടേ നാമാവശേഷമായേനെ. സഭയെക്കാൾ ഭൗതികശക്തിയുള്ള സാമ്രാജ്യങ്ങൾ എതിർത്തിട്ടും സഭ നിലനിലനിൽക്കുന്നത് ദൈവികശക്തി സഭയ്ക്കൊപ്പമുള്ളതുകൊണ്ടാണ്. സഭയെ എതിർത്തവരാരാരും ഇന്ന് നിലനിൽക്കുന്നില്ല. കാലഘട്ടങ്ങളെ അതിജീവിച്ച് നിലനിൽക്കാൻ സാധിക്കുന്നതും ദൈവം കൂടെയുള്ളതുകൊണ്ടാണ്. ദൈവം സ്ഥാപിച്ചതും നയിക്കുന്നതും വസിക്കുന്നതുമായ ശക്തിയാണ് തിരുസഭയ്ക്കുള്ളത്. കാനാൻദേശത്തേക്ക് യാത്ര ചെയ്ത ഇസ്രയേലിന് ദൈവ സാന്നിധ്യത്തിന്റെ അടയാളമായിരുന്നു നോഹയുടെ പേടകം. ഇന്നത്തെ കാലത്ത് നോഹയുടെ പേടകം പോലെയാണ് സഭ. ഈ പേടകത്തിനുള്ളിൽ വസിക്കുന്നവർക്ക് കാറ്റോ കോളോ പേമാരിയോ പേടിക്കേണ്ട. സഭയാകുന്ന പേടകത്തിൽ പ്രവേശനം കിട്ടിയവരാണ് നമ്മൾ. ആ സുരക്ഷിതത്വബോധം എപ്പോഴുമുണ്ടാകണമെന്ന് മാർ പെരുന്തോട്ടം നിർദേശിച്ചു. ഈശോ നയിക്കുന്ന കപ്പലാണിത്. ഇത് ഒരിക്കലും മുങ്ങുകയില്ല എന്ന ആത്മവിശ്വാസം ഉണ്ടാകണം. ഈ പേടകത്തിനു പുറത്തിറങ്ങി ഒറ്റയ്ക്ക് യാത്ര ചെയ്യാൻ സാധിക്കുമെന്ന് കരുതുന്നവരുണ്ട്. അങ്ങനെയുള്ള യാത്രയല്ല നാം നടത്തേണ്ടത്. സഭയുടെ കൂട്ടായ്മയിൽ ഒന്നുചേർന്നുള്ള യാത്രയാവണം. ഇതുവഴി സഭയുടെ ദൈവശക്തിയെ സ്വന്തമാക്കാൻ സാധിക്കും. സ്വർഗത്തിൽ മുടിചൂടി നിൽക്കുന്ന വിജയസഭയാണ് നമ്മുടെ ലക്ഷ്യം. ഈ യാത്രയിൽ ആരും ഒറ്റപ്പെടരുത്. ഏറ്റവും കൂടുതൽ യുവജനങ്ങളുള്ള രാജ്യമാണ് ഇന്ത്യ. ഇവിടെ ക്രൈസ്തവ യുവജനം ന്യൂനപക്ഷമാണെങ്കിലും ഭൂരിപക്ഷ സമൂഹത്തെ നയിക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. ഇസ്രയേൽ ചെറു സമൂഹമായിരുന്നു. നിരവധി പ്രതിസന്ധികളിലൂടെയാണ് അവർ കാനാൻ ദേശത്ത് എത്തിയത്. ചെറിയ സമൂഹമായ നമുക്ക് എത്താവുന്ന വലിയ ലക്ഷ്യമുണ്ട്. ഈ ലക്ഷ്യം നേടാൻ ശ്രമിക്കുമ്പോൾ ഒരുകാര്യം മറക്കരുത്. കർത്താവ് എപ്പോഴും കൂടെയുണ്ടാകണം. കർത്താവ് കൂടെയില്ലാതെ യാത്ര ചെയ്താൽ ഏത്ര ശക്തനായാലും വീണുപോകുമെന്നും മാർ പെരുന്തോട്ടം പറഞ്ഞു. ചടങ്ങിൽ അതിരൂപതാ പ്രസിഡന്റ് കെ.സി ജോജോ അധ്യക്ഷത വഹിച്ചു. ചങ്ങനാശേരി അതിരൂപത തെക്കൻ മേഖലാ പാസ്റ്ററൽ കോർഡിനേറ്ററും ലൂർദ് ഫൊറോനാ വികാരിയുമായ റവ.ഡോ.ജോൺ വി.തടത്തിൽ, അതിരൂപതാ ഡയറക്ടർ ഫാ.ബാബു പുത്തൻപുരയ്ക്കൽ, ജനറൽ സെക്രട്ടറി പി.ജെ. സെബാസ്റ്റ്യൻ, ലാലിച്ചൻ മറ്റത്തിൽ, അതിരൂപതാ ഭാരവാഹികളായ ജോപ്സി പി.സേവ്യർ, സുദീപ് കെ.ജോസ്, സിസ്റ്റർ മേഴ്സിൻ എസ്ഡി, സ്റ്റെഫി ജോസ്, ബ്ലെസി വർഗീസ്, ടിന്റു ആൻ തോമസ്, ബ്രദർ റോജൻ പുരയ്ക്കൽ, ഫൊറോനാ ഡയറക്ടർമാരായ ഫാ.തോമസ് കമ്പിയിൽ, ഫാ.ഫിലിപ്പ് പന്തമാക്കൽ, ഫാ.ജോസഫ് കൊച്ചുചിറ തുടങ്ങിയവർ നേതൃത്വം നൽകി. ക്ലാസുകൾ ഫാ.മനോജ് വടക്കേടത്ത്, ഫാ.ജോൺസൺ കരൂർ, പ്രഫ.സി.പി.റോയി തുടങ്ങിയവരും നയിച്ചു.മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമിക്കണമെന്ന് ആവശ്യപ്പെട്ട് 1002 ദിവസമായി തുടരുന്ന സമരത്തിന് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് തിരുവനന്തപുരം നഗരത്തിൽ യുവദീപ്തി പ്രവർത്തകർ മുല്ലപ്പെരിയാർ സമരാനുഭാവ റാലി നടത്തി.

തിരുവനന്തപുരം, അമ്പൂരി, കൊല്ലം-ആയൂർ ഫൊറോനകളിൽ നിന്നുമായി നൂറുകണക്കിന് യുവജനങ്ങൾ റാലിയിൽ അണിചേർന്നു. സമാപന സമ്മേളനം പി.സി ജോർജ് എംഎൽഎ ഉദ്ഘാടനം ചെയ്തു.

## 04. കത്തോലിക്കാസഭ എന്നും വെല്ലുവിളികളെ അതിജീവിച്ചിട്ടുണ്ട്: മാർ ജോസഫ് പവ്വത്തിൽ

കത്തോലിക്കസഭ എന്നും വെല്ലുവിളികളെ അതിജീവിച്ചിട്ടുണ്ടെന്ന് ഇന്റർ ചർച്ച് കൗൺസിൽ ചെയർമാൻ ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ അഭിപ്രായപ്പെട്ടു. പി.ഒ.സിയിൽ കെസിബിസി സോഷ്യൽ ഹാർമണി ആൻഡ് വിജിലൻസ് കമ്മീഷന്റെ ആഭിമുഖ്യത്തിൽ കത്തോലിക്കസഭാവക്താക്കൾക്ക് വേണ്ടി നടന്ന മാധ്യമ സമ്പർക്ക ശില്പശാല ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്. അടുത്തകാലത്ത് കത്തോലിക്കസഭയും സമൂഹവും കൂടുതൽ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്.

കത്തോലിക്കസഭയെ ജനമധ്യത്തിൽ ആക്ഷേപിക്കാൻഭരണരംഗത്തുനിന്നുള്ള അതിശക്തമായ നീക്കവും നടന്നുവരുന്നു. വിവിധമേഖലകളിൽ ഇത്തരം വെല്ലുവിളികൾ ഉണ്ടായി കൊണ്ടിരിക്കുകയാണ്. ഈ സർക്കാരിന്റെ വിദ്യാഭ്യാസനയം പെട്ടെന്ന് രൂപം കൊണ്ടതല്ല. 1957ലെ സർക്കാരിന്റെ തുടർച്ചയായിട്ടാണ് ഇപ്പോഴത്തെ വിദ്യാഭ്യാസനയം സർക്കാർ കൊണ്ടുവന്നിരിക്കുകയാണ്. അന്ന് നടപ്പിലാക്കാൻ സാധിക്കാത്ത അജൻഡ ഇപ്പോൾ നടപ്പിലാക്കി സഭയെ വെല്ലുവിളിക്കാനാണ് തീരുമാനം. മതനിരപേക്ഷത ദ്വയാർഥത്തിൽ ഉപയോഗിച്ച് മതത്തെ മാറ്റി നിർത്താൻ സർക്കാർ ശ്രമിക്കുകയാണ്. വിശ്വാസവും ധാർമികതയും പൊതുസമൂഹത്തിൽ നിലനിൽക്കണമെങ്കിൽ മതവും വിശ്വാസവും ആവശ്യമാണെന്നും ആർച്ച്ബിഷപ് വ്യക്തമാക്കി. നന്മ കൈവിടാതെ സത്യത്തെ മുറുകെ പിടിച്ച് ഒരേ സ്വരത്തിൽ കെട്ടുറപ്പോടെ സഭയുടെ അഭിപ്രായം പ്രഖ്യാപിക്കാൻ നമുക്കു കഴിയണമെന്ന് ആർച്ച്ബിഷപ് പറഞ്ഞു.

കെസിബിസി സോഷ്യൽ ഹാർമണി ആൻഡ് വിജിലൻസ് കമ്മീഷൻ ചയർമാൻ ബിഷപ് ഡോ. സ്റ്റാൻലി റോമൻ അധ്യക്ഷത വഹിച്ചു. കെസിബിസി വക്താവ് റവ.ഡോ. സ്റ്റീഫൻ ആലത്തറ, ജീവൻ ടിവി എക്സിക്യൂട്ടീവ് ഡയറക്ടർ പി.ജെ ആന്റണി, സോഷ്യൽ ഹാർമണി ആൻഡ് വിജിലൻസ് കമ്മീഷൻസെക്രട്ടറി ഫാ.ജോണി കൊച്ചുപ്പറമ്പിൽ, ഡോ.ലിസി ജോസ്, അഡ്വ. ചാർളി പോൾ എന്നിവർ പ്രസംഗിച്ചു. മനോരമ ന്യൂസ്ഡയറക്ടർ ജോണി ലൂക്കോസ്, സീറോമലബാർസഭ വക്താവ റവ. ഡോ. പോൾ തേലക്കാട്ട്, ഇന്ത്യ വിഷൻ ഡെപ്യൂട്ടി ന്യൂസ് എഡിറ്റർ മിസ്റ്റർ ഭഗത് ചന്ദ്രശേഖർ എന്നിവർ ക്ലാസെടുത്തു. വിവിധ രൂപതകളിൽനിന്നായി നൂറിലേറെ പ്രതിനിധികൾ പങ്കെടുത്തു.